പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5312 | 02.07.2013 ൽ മറുപടിയ്ക്ക്

## പരമ്പരാഗത വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ

ചോദ്യം

ശ്രീ. പി. ഉബൈദുള്ള

ഉത്തരം

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
( വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി )

| ചോദ്യം | ഉത്തരം |
|---|---|
| (എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമേഖല നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഈ മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ; | (ബി) കൈത്തറി മേഖലയിൽ തൊഴിലാളികൾക്ക് 100 ദിവസമെങ്കിലും തൊഴിൽ നൽകുന്നതിന് വേണ്ടി ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. നിശ്ചിത മീറ്ററേജിൽ കൂടുതൽ നെയ്യുന്ന ഓരോ മീറ്ററിനും ഇരട്ടി കൂലി നൽകിയിട്ടുണ്ട്. നെയ്ത്തുകാർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് എൽ.ഐ.സി-യുമായി ചേർന്ന് എം.ജി.ബി.ബി.വൈ. പദ്ധതി, നെയ്ത്തുകാർക്കിടയിൽ സമ്പാദ്യശീലം വളർത്തുന്നതിന് അംശദാന മിതവ്യയ സമ്പാദ്യ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. പുതിയ നെയ്ത്തുകാർക്കുള്ള പരിശീലനം, നെയ്ത്തുകാർക്ക് അസംസ്കൃത വസ്തുക്കൾ ന്യായവിലക്ക് ലഭ്യമാക്കുന്ന തരത്തിൽ ഹാങ്ക് യാൺ സബ്സിഡി പദ്ധതി, തറികൾ പുനരുദ്ധരിക്കുന്നതിന് ധനസഹായം, ഉല്പന്ന വികസനത്തിനും വൈവിധ്യവൽക്കരണത്തിനും ധനസഹായം, പുതിയ ഉല്പന്നങ്ങൾ വികസിപ്പി |

പ്പെടുക്കുന്നതിന് പ്രോഡക്ട് ഡെവലപ്മെന്റ് അസിസ്റ്റൻസ് എന്നിവ നൽകുന്നു. അധിക മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനും ഉപകരണം വാങ്ങുന്നതിനും പ്രോഡക്ട് ഡിസൈൻ ചെയ്യുന്നതിനും പരിശീലനത്തിനും ധനസഹായം നൽകുന്നുണ്ട്.

പരമ്പരാഗത മേഖലയിലെ തൊഴിൽ സംരക്ഷണത്തിനായി Flagship Programme, വ്യവസായ സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം, കരകൗശല തൊഴിലാളികളുടെ അപ്പെക്സ് സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകൽ, കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ, കെൽപാം, സുരഭി, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ), കേരള കരകൗശല വികസന കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിലൂടെ പരമ്പരാഗത വ്യവസായ തൊഴിൽ സംരക്ഷണത്തിനായി സാമ്പത്തിക സഹായം ചെയ്യുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. ബാംബൂ കോർപ്പറേഷനിൽ കൊഴിഞ്ഞ് പോക്ക് ഒഴിവാക്കുന്നതിനും ഈറ്റ വെട്ട്-പനമ്പുനെയ്ത്തുകാരെ ഈ മേഖലയിലേക്ക് പരമാവധി ആകർഷിക്കുന്നതിനുമായി ഇക്കൂട്ടർക്ക് മിനിമം വേതനം നടപ്പിൽ വരുത്തിക്കഴിഞ്ഞു. സ്വയം തൊഴിൽ സംരംഭകർക്കായി കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ), ദേശീയ പിന്നോക്ക വിഭാഗ സാമ്പത്തിക വികസന കോർപ്പറേഷൻ (NBCFDC) മുഖേന ലഭിച്ച വായ്പ കുറഞ്ഞ പലിശ നിരക്കിൽ നൽകിവരുന്നു.

കരകൗശല വികസന കോർപ്പറേഷൻ പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിൽ സംരക്ഷണത്തിനായി ഇവർ ഉൽപ്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള കരകൗശല ഉൽപ്പന്നങ്ങൾ കോർപ്പറേഷന്റെ 22 വിപണന ശാലകൾ വഴി വിൽപ്പന നടത്തിവരുന്നു.

ഖാദി മേഖലയിൽ തൊഴിലാളികൾക്ക് തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി മിനിമം വേജസ് നടപ്പിലാക്കി. ഖാദി നൂല്പുകാർക്കും നെയ്ത്തുകാർക്കും ഉല്പാദന ഇൻസെന്റീവ് നൽകിവരുന്നു. ഖാദി കമ്മീഷന്റെ പദ്ധതിയനുസരിച്ചുള്ള ആനുകൂല്യങ്ങളും (ഇൻഷ്വറൻസ് ഉൾപ്പെടെ) നൽകിവരുന്നുണ്ട്. ഖാദി തൊഴിലാളി ക്ഷേമനിധിബോർഡു വഴി വിവിധ ആനുകൂല്യങ്ങളും ഖാദി തൊഴിലാളികൾക്ക് നൽകി വരുന്നു.

കശുവണ്ടി മേഖലയിലെ തൊഴിൽ സംരക്ഷണത്തിന് കൂടുതൽ പ്രവർത്തന മൂലധനം നൽകി കൂടുതൽ തൊഴിൽ ദിനം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കയർ മേഖലയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന്റെ ഭാഗമായി സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി സർക്കാർ, അർഹമായ എല്ലാ സംഘങ്ങൾക്കും പ്രവർത്തനമൂലധന ഗ്രാന്റ് ഉൾപ്പെടെയുള്ളവ നൽകി വരുന്നു. കയർ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി പ്രവർത്തനക്ഷമമായ എല്ലാ സംഘങ്ങൾക്കും റിവൈവൽ പദ്ധതി പ്രകാരം പ്രവർത്തനമൂലധനം, സ്ഥിരമൂലധനം

എന്നിവ 2011-12, 2012-13 എന്നി വർഷങ്ങളിൽ അനുവദിച്ചതിനെത്തുടർന്ന് ഉൽപ്പാദന പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ സംഘങ്ങൾക്കായിട്ടുണ്ട്. കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 02.02.2012 മുതൽ 210/- രൂപയായും, 01.05.2013 മുതൽ 260/- രൂപയായും, ഉൽപ്പന്ന മേഖലയിലെ കുറഞ്ഞ കൂലി 200/- രൂപയിൽ നിന്നും 285/- രൂപയായും 01/03/2013 മുതൽ 360/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു.

(സി) പരമ്പരാഗത വ്യവസായ മേഖലയ്ക്ക് ആവശ്യമായ പുതിയ ഡിസൈൻ തയ്യാറാക്കുന്നതിനും നവീകരണ പ്രക്രിയകൾ നടപ്പാക്കാനും സഹായം നൽകുമോ;

(സി) കരകൗശല ഉൽപ്പന്നങ്ങളുടെ പുതിയ ഡിസൈൻ തയ്യാറാക്കുന്നതിനും, നവീകരണ പ്രക്രിയ നടപ്പിലാക്കുന്നതിനും മറ്റുമായി തുച്ഛമായ പലിശ നിരക്കിൽ കരകൗശല തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു. ഖാദി മേഖല ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി 96 ലക്ഷം രൂപ സർക്കാർ നൽകിയിട്ടുണ്ട്.

കശുവണ്ടി മേഖലയിൽ ഫാക്ടറി നവീകരിക്കുകയും ആധുനിക ഇരുമ്പ് ബോർമ്മകൾ, കട്ടിംഗ് മെഷീനുകൾ ആധുനിക ഷെഡ്ഡുകൾ സ്ഥാപിക്കുകയും ചെയ്തു വരുന്നു. കൂടാതെ ആധുനിക രീതിയിലുള്ള പാക്കിംഗ് സെന്ററുകളും സ്ഥാപിച്ചുവരുന്നു.

കൈത്തറി മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘം/ക്ലസ്റ്ററുകൾക്ക് പുതിയ ഡിസൈൻ തയ്യാറാക്കുന്നതിനും,

നവീകരണ പ്രക്രിയകൾ നടപ്പാക്കുന്നതിനും പ്രോഡക്ട് ഡെവലപ്മെന്റ് അസിസ്റ്റൻസ്, പ്രോഡക്ട് ഡൈവേഴ്സിഫിക്കേഷൻ ഫണ്ട് എന്നീ പദ്ധതികൾ നിലവിലുണ്ട്.

കയർ ഗവേഷണ സ്ഥാപനമായ നാഷണൽ കയർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (NCRMI) സഹായത്തോടെ പരമ്പരാഗത കയർ മേഖലയ്ക്ക് ആവശ്യമായ പുതിയ സാങ്കേതികവിദ്യകളും നവീകരണ പ്രക്രിയകളും നടപ്പാക്കുന്നതിനാവശ്യമായ ധനസഹായം കയർ വികസന വകുപ്പ് വഴി നൽകിവരുന്നു.

(ഡി) കൈത്തറി മേഖലയിൽ അനുഭവപ്പെടുന്ന നൂൽ ക്ഷാമത്തിന് പരിഹാരം കാണാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

(ഡി) കേന്ദ്രസർക്കാർ മിൽ ഗേറ്റ് പ്രൈസ് സ്കീം (എം.ജി.പി.എസ്) എന്ന പദ്ധതിയിലൂടെ നൂല് വാങ്ങുന്നതിന് 10% പ്രൈസ് സബ്സിഡി നൽകുന്നു. എൻ.എച്ച്.ഡി.സി-യിൽ നിന്നും യാൺ ബാങ്കുകൾ വഴി നൂൽ വാങ്ങുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 7 യാൺ ബാങ്കുകൾക്ക് യാൺ ബാങ്കിന്റെ സുഗമമായി പ്രവർത്തനത്തിനു മാർജിൻ മണിലോൺ നൽകുന്നു. ഈ വർഷം ഇതിനായി 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കഴിനൂൽ സബ്സിഡി ഈ യാൺ ബാങ്കുകൾക്ക് നൽകുന്നുണ്ട്. ആലപ്പുഴ, കണ്ണൂർ, തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലുകളിൽ കഴിനൂൽ ഉല്പാദനം നടക്കുന്നുണ്ട്. കൈത്തറി മേഖലയ്ക്ക് ആവശ്യമായ കൗണ്ടിലുള്ള യാൺ നമ്മുടെ സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകളിൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(signature)

എളമരം കരീം